പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2812 — 10.12.2014 -ലെ മറുപടിക്ക്

## തൊഴിലാളിക്ഷേമ ബോർഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനു കീഴിൽ എത്ര തൊഴിലാളിക്ഷേമ ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട് ; ദേശസാൽകൃത ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ഷെഡ്യൂൾ ബാങ്കുകൾ, സർക്കാർ ട്രഷറി എന്നിവയിൽ പ്രസ്തുത ബോർഡുകളുടെ നിക്ഷേപങ്ങൾ സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ ; | (എ) തൊഴിൽ വകുപ്പിനു കീഴിൽ 16 തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ബോർഡുകളിലെ നിക്ഷേപങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിലാകെ എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; 31.10.2014 ലെ കണക്ക് വ്യക്തമാക്കാമോ ; | (ബി) 31/10/14 തീയതി വരെയുള്ള കണക്ക് പ്രകാരം പ്രസ്തുത ക്ഷേമനിധി ബോർഡുകളിലാകെ 7489382 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽനിന്നും വായ്പ ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര തുക ; ഓരോ ബോർഡിൽനിന്നും എടുത്ത വായ്പയുടെ കണക്ക് ലഭ്യമാക്കാമോ ? | (സി) 1. കേരള അബ്കാരി ക്ഷേമനിധി ബോർഡിൽ നിന്നും 2001 ൽ 15 കോടി രൂപ സർക്കാരിന് വായ്പ നല്കിയിരുന്നു. ആയത് 2003 ൽ വായ്പാതുകയായ 15 കോടി രൂപ തിരികെ ബോർഡിന് ലഭിച്ചിട്ടുള്ളതും, 28-03-14 ൽ പലിശയിനത്തിൽ 6,09,12,453/- രൂപ ബോർഡിനു തിരികെ ലഭിച്ചിട്ടുള്ളതുമാണ്.<br>2. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി 2010 ൽ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും 5 ലക്ഷം രൂപയും 2012-ൽ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും 10 ലക്ഷം രൂപയും വായ്പ എടുത്തിട്ടുണ്ട്.<br>3. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സർക്കാർ നിർദ്ദേശിച്ചതിനെ തുടർന്ന് 19/02/2014-ൽ 100 കോടി രൂപയും 05/04/2014-ൽ 150 കോടി രൂപയും 01/11/2014-ൽ 84 കോടി 85 ലക്ഷം രൂപയും 04/11/2014-ൽ 67 ലക്ഷം രൂപയും ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. |

4. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് സർക്കാർ നിർദ്ദേശ പ്രകാരം 384 കോടി രൂപ ട്രഷറിയിൽ നിക്ഷേപിക്കുകയും ഇതിൽ 284 കോടി രൂപ തിരികെ ലഭിച്ചിട്ടുള്ളതുമാണ്.
5. മറ്റ് തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ നിന്നു വായ്പ നല്കിയിട്ടില്ല.

| | |
|---|---|
| (ഡി) 01.07.2006 മുതൽ 31.03.2011 വരെയുള്ള കാലയളവിൽ എത്ര പ്രാവശ്യം ക്ഷേമനിധി ബോർഡുകളിൽനിന്നും വായ്പ എടുത്തു ; വിശദാംശം ലഭ്യമാക്കാമോ ? | (ഡി) കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് 31.05.2008-ൽ 75 കോടി രൂപ മൂന്ന് വർഷത്തേയ്ക്ക് ട്രഷറിയിൽ നിക്ഷേപിക്കുകയും ടി തുക 14.06.2011-ൽ പിൻവലിച്ചിട്ടുള്ളതുമാണ്. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി 2010-ൽ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും 5 ലക്ഷം രൂപയും 2012-ൽ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും 10 ലക്ഷം രൂപയും വായ്പ എടുത്തിട്ടുണ്ട്. |

Deepa

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ബോർഡ് | ട്രഷറി | സഹകരണ ബാങ്ക് | ദേശസാൽകൃത ബാങ്ക് | ഷെഡ്യൂൾഡ് ബാങ്ക് |
|---|---|---|---|---|---|
| (1) | കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് | -- | 5,58,05,556 | 2,28,15,851 | -- |
| (2) | ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് | 2,52,70,000 | 35,13,34,000 | 5,83,16,000 | 25,55,00,000 |
| (3) | കേരള സ്മാൾ പ്ലാന്റേഷൻ വെൽഫയർ ഫണ്ട് ബോർഡ് | 75,10,631 | 76,84,048 | -- | -- |
| (4) | കേരള കാഷ്യൂ വർക്കേഴ്സ് റിലീഫ് & വെൽഫയർ ഫണ്ട് ബോർഡ് | 4,40,24,213 | 3,77,00,000 | -- | -- |
| (5) | കേരള അബ്കാരി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് | 17,20,45,460 | 471,84,9251 | 45,54,04,103 | 73,90,19,131 |
| (6) | കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫേയർ ഫണ്ട് ബോർഡ് | 181,08,00,000 | 202,29,02,850 | 391,21,73,362.72 | 118,83,90,558 |
| (7) | കേരള ഹെഡ്ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്. | -- | 260,93,82,547.64 | 153,92,48,128.08 | 154,38,50,975.38 |
| (8) | കേരള ഹാന്റ്ലൂം വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്. | -- | 62,89,113 | -- | -- |
| (9) | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 100,00,00,000 | 181,72,20,000 | 10,96,58,94,000 | 225,11,16,000 |
| (10) | കേരള ടെയിലറിംഗ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്. | 2,27,796 | 25,08,10,648 | 10,12,56,855 | 4,62,20,345 |
| (11) | കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡ് | 30,44,000 | 4,94,43,000 | -- | -- |
| | (എ) കൈത്തൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതി. | 3,82,22,000 | 30,80,35,050 | 12,72,56,047 | 1,28,27,513 |
| | (ബി) അലക്കു തൊഴിലാളി ക്ഷേമപദ്ധതി. | -- | 77,42,600 | -- | -- |
| | (സി) ബാർബർ ആന്റ് ബ്യൂട്ടീഷ്യൻ ക്ഷേമ പദ്ധതി. | | 2,96,26,098 | | |
| (12) | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 335,52,00,000 | 101,86,50,000 | 440,09,27,000 | 394,93,68,400 |
| (13) | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 75,00,000 | 50,00,000 | -- | 15,16,000 |
| (14) | കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 1,35,05,394 | -- | -- | 1,59,25,862 |
| (15) | കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി വെൽഫയർ ഫണ്ട് ബോർഡ് | -- | -- | 3,50,00,000 | -- |
| (16) | കേരള ജുവലറി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്. | -- | -- | 1,01,181 | -- |

Deepa

സെക്ഷൻ ഓഫീസർ